# പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5562 — 27/03/2018-ൽ മറുപടിക്ക്

## തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ഡോ.കെ.ടി.ജലീൽ**<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) |
| (എ) തദ്ദേശസ്വയംഭരണ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം നടത്താത്തതുമൂലം പൊതുമരാമത്ത് പണികളുടെ ഫണ്ട് വിനിയോഗം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) ഇല്ല |
| (ബി) സാമ്പത്തിക വർഷാവസാനമായിട്ടും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;<br>(സി) റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ഉദ്യോഗാർത്ഥികളെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;<br>(ഡി) ആവശ്യമായ അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഉടൻ നിയമിക്കുവാനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ? | (ബി സി& ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ 132 പേരുടെ നിയമനം നടത്തിയിട്ടുണ്ട്. നിലവിലുള്ള 68 ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി സംവരണക്രമം പാലിച്ച് നിയമന ശുപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**